# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ.157/2025** **തിരുവനന്തപുരം, തീയതി: 17.07.2025**

# പത്രക്കുറിപ്പ്

## ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം 2025 - 26 സപ്ലിമെന്ററി/കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റിലേക്കായി പുതിയ രജിസ്ട്രേഷൻ ചെയ്യുന്നതിനും, ഓപ്ഷൻ നൽകുന്നതിനും ഓൺലൈൻ അപേക്ഷയിൽ തിരുത്തൽ വരുത്തുന്നതിനും അവസരം

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലേക്ക് ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേയ്ക്കുള്ള പ്രവേശനത്തിന് നിലവിൽ രജിസ്ട്രേഷൻ ചെയ്യാത്ത എല്ലാ വിദ്യാർത്ഥികൾക്കും 2025 ജൂലൈ 21 വരെ പുതിയ രജിസ്ട്രേഷൻ നടത്താവുന്നതാണ്. നിലവിൽ രജിസ്ട്രേഷനുള്ള എല്ലാവർക്കും പുതിയ ഓപ്ഷനുകൾ ചേർക്കൽ, റീവാല്യൂവേഷൻ/ഗ്രേസ് മാർക്ക് ഉൾപ്പെടുത്തൽ, കാറ്റഗറി മാറ്റം, തുടങ്ങി എല്ലാ തിരുത്തലുകൾക്കും ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്. നിലവിൽ അഡ്മിഷനിൽ തുടരുന്ന വിദ്യാർത്ഥികൾക്ക് അക്കാദമിക് വിവരങ്ങളും (മാർക്കിലെ വർദ്ധനവ്/ സ്പെഷ്യൽ വെയിറ്റേജ്) ഓപ്ഷനുകളും മാത്രമേ മാറ്റം വരുത്താൻ സാധിക്കുകയുള്ളൂ. മുൻ അലോട്ട്മെന്റുകളിൽ ഫീസ് ഒടുക്കാതെ അലോട്ട്മെന്റ് റദ്ദായ അപേക്ഷകർ, ഫീസ് അടച്ചിട്ടും കോളേജിൽ പ്രവേശനം നേടാൻ സാധിക്കാത്ത അപേക്ഷകർ, നിലവിൽ കോളേജ് പ്രവേശനം നേടി അഡ്മിഷൻ ഉറപ്പാക്കിയ വിദ്യാർത്ഥികൾ, കോളേജ് പ്രവേശനം നേടി ഏതെങ്കിലും കാരണത്താൽ അഡ്മിഷൻ നഷ്ടമായ വിദ്യാർത്ഥികൾ എന്നിവർ സപ്ലിമെന്ററി അലോട്ട്മെന്റിൽ താല്പര്യമുള്ളപക്ഷം ആപ്ലിക്കേഷൻ നമ്പർ, പാസ്സ് വേർഡ് എന്നിവ ഉപയോഗിച്ച് പ്രൊഫൈലിൽ ലോഗിൻ ചെയ്തശേഷം "edit profile" ലിങ്ക് വഴി പുതിയതായി ഓപ്ഷനുകൾ നൽകേണ്ടതാണ്. പ്രസ്തുത വിദ്യാർത്ഥികളുടെ പഴയ ഓപ്ഷനുകൾ ഈ അലോട്ട്മെന്റിലേക്ക് പരിഗണിക്കുന്നതല്ല. നിലവിൽ അലോട്ട്മെന്റുകൾ ഒന്നും ലഭിക്കാത്ത വിദ്യാർത്ഥികൾ പുതുതായി ഓപ്ഷൻ നൽകിയില്ലെങ്കിൽ ഇവരുടെ പഴയ എല്ലാ ഓപ്ഷനുകളും പരിഗണിക്കുന്നതാണ്. പുതുതായി ഓപ്ഷൻ നൽകുന്ന വിദ്യാർത്ഥികളുടെ പ്രൊഫൈലിൽ മുൻ അലോട്ട്മെന്റുകളിൽ നൽകിയ ഓപ്ഷനുകൾ ക്യാൻസൽ ആകുന്നതാണ്. പുതിയതായി നൽകിയ ഓപ്ഷനുകൾ മാത്രമേ തുടർന്നു വരുന്ന സപ്ലിമെന്ററി അലോട്ട്മെന്റുകളിലേക്ക് പരിഗണിക്കുകയുള്ളൂ. പ്രൊഫൈലിൽ തിരുത്തൽ വരുത്തൽ, അലോട്ട്മെന്റിലേക്ക് വീണ്ടും പരിഗണിക്കൽ (Reconsider) എന്നിവ ആവശ്യമുള്ള എല്ലാ വിദ്യാർത്ഥികളും (ഇതിനായി സർവകലാശാലയിൽ അപേക്ഷ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ ഉൾപ്പെടെ) സ്വയം അവരവരുടെ പ്രൊഫൈലിൽ പ്രസ്തുത മാറ്റങ്ങൾ വരുത്തേണ്ടതാണ്. ഇതര സർവകലാശാലകളിൽ നിന്ന് ബിരുദം പൂർത്തിയാക്കിയ അപേക്ഷകർ, അഡ്മിഷൻ സമയത്ത് നിർബന്ധമായും എലിജിബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. തിരുത്തലുകൾ വരുത്തി കഴിഞ്ഞാൽ, പുതിയതായി നൽകിയ ഓപ്ഷനുകൾ/മാറ്റങ്ങൾ അപേക്ഷയിൽ വന്നിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതും (options for supplementary allotment) അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് എടുത്ത് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതുമാണ്.

## എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റിലേക്ക് ഓപ്ഷൻസ് നൽകുന്നതിന് അവസരം

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് എയ്ഡഡ് (Aided) കോളേജുകളിലെ ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്കുള്ള കമ്മ്യൂണിറ്റി ക്വാട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിൽ ലഭ്യമാക്കിയിട്ടുള്ള കമ്മ്യൂണിറ്റി ക്വാട്ട ലിങ്ക് വഴി 2025 ജൂലൈ 21 വരെ മുൻഗണന ക്രമത്തിൽ ഓപ്ഷനുകൾ നൽകാവുന്നതാണ്. നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷൻ എടുത്തവരും അഡ്മിഷൻ എടുത്ത ശേഷം കോളേജിൽ നിന്നും ടി.സി വാങ്ങിയവരും, പല ഘട്ടങ്ങളിൽ അഡ്മിഷൻ പ്രക്രിയയിൽ നിന്നും പുറത്തായവരും ഉൾപ്പെടെ എല്ലാവരും പുതുതായി കമ്മ്യൂണിറ്റി ക്വാട്ട ഓപ്ഷൻസ് നൽകിയാൽ മാത്രമേ കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റിലേക്ക് പരിഗണിക്കുകയുള്ളൂ.

## ഒന്നാം വർഷ ബിഎഡ് പ്രവേശനം - 2025 സപ്ലിമെന്ററി അലോട്ട്മെന്റിലേക്കായി പുതിയ രജിസ്ട്രേഷൻ ചെയ്യുന്നതിനും, ഓപ്ഷൻ നൽകുന്നതിനും ഓൺലൈൻ അപേക്ഷയിൽ തിരുത്തൽ വരുത്തുന്നതിനും അവസരം

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലേക്കുള്ള ഒന്നാം വർഷ ബിഎഡ് പ്രോഗ്രാമുകളിലേയ്ക്കുള്ള പ്രവേശനത്തിന് നിലവിൽ രജിസ്ട്രേഷൻ ചെയ്യാത്ത എല്ലാ വിദ്യാർത്ഥികൾക്കും 2025 ജൂലൈ 24 വരെ പുതിയ രജിസ്ട്രേഷൻ നടത്താവുന്നതാണ്. നിലവിൽ രജിസ്ട്രേഷനുള്ള എല്ലാവർക്കും പുതിയ ഓപ്ഷനുകൾ ചേർക്കൽ, റീവാല്യൂവേഷൻ/ഗ്രേസ് മാർക്ക് ഉൾപ്പെടുത്തൽ, കാറ്റഗറി മാറ്റം, തുടങ്ങി എല്ലാ തിരുത്തലുകൾക്കും ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്. നിലവിൽ അഡ്മിഷനിൽ തുടരുന്ന വിദ്യാർത്ഥികൾക്ക് അക്കാദമിക് വിവരങ്ങളും (മാർക്കിലെ വർദ്ധനവ്/ സ്പെഷ്യൽ വെയിറ്റേജ്) ഓപ്ഷനുകളും മാത്രമേ മാറ്റം വരുത്താൻ സാധിക്കുകയുള്ളൂ. മുൻ അലോട്ട്മെന്റുകളിൽ ഫീസ് ഒടുക്കാതെ അലോട്ട്മെന്റ് റദ്ദായ അപേക്ഷകർ, ഫീസ് അടച്ചിട്ടും കോളേജിൽ പ്രവേശനം നേടാൻ സാധിക്കാത്ത അപേക്ഷകർ, നിലവിൽ കോളേജ് പ്രവേശനം നേടി അഡ്മിഷൻ ഉറപ്പാക്കിയ വിദ്യാർത്ഥികൾ, കോളേജ് പ്രവേശനം നേടി ഏതെങ്കിലും കാരണത്താൽ അഡ്മിഷൻ നഷ്ടമായ വിദ്യാർത്ഥികൾ എന്നിവർ സപ്ലിമെന്ററി അലോട്ട്മെന്റിൽ താല്പര്യമുള്ളപക്ഷം ആപ്ലിക്കേഷൻ നമ്പർ, പാസ്സ്‌വേർഡ് എന്നിവ ഉപയോഗിച്ച് പ്രൊഫൈലിൽ ലോഗിൻ ചെയ്തശേഷം "edit profile" ലിങ്ക് വഴി പുതിയതായി ഓപ്ഷനുകൾ നൽകേണ്ടതാണ്. പ്രസ്തുത വിദ്യാർത്ഥികളുടെ പഴയ ഓപ്ഷനുകൾ ഈ അലോട്ട്മെന്റിലേക്ക് പരിഗണിക്കുന്നതല്ല. നിലവിൽ അലോട്ട്മെന്റുകൾ ഒന്നും ലഭിക്കാത്ത വിദ്യാർത്ഥികൾ പുതുതായി ഓപ്ഷൻ നൽകിയില്ലെങ്കിൽ ഇവരുടെ പഴയ എല്ലാ ഓപ്ഷനുകളും പരിഗണിക്കുന്നതാണ്. പുതുതായി ഓപ്ഷൻ നൽകുന്ന വിദ്യാർത്ഥികളുടെ പ്രൊഫൈലിൽ മുൻ അലോട്ട്മെന്റുകളിൽ നൽകിയ ഓപ്ഷനുകൾ ക്യാൻസൽ ആകുന്നതാണ്. പുതിയതായി നൽകിയ ഓപ്ഷനുകൾ മാത്രമേ തുടർന്നു വരുന്ന സപ്ലിമെന്ററി അലോട്ട്മെന്റുകളിലേക്ക് പരിഗണിക്കുകയുള്ളൂ. പ്രൊഫൈലിൽ തിരുത്തൽ വരുത്തൽ, അലോട്ട്മെന്റിലേക്ക് വീണ്ടും പരിഗണിക്കൽ (Reconsider) എന്നിവ ആവശ്യമുള്ള എല്ലാ വിദ്യാർത്ഥികളും (ഇതിനായി സർവകലാശാലയിൽ അപേക്ഷ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ ഉൾപ്പെടെ) സ്വയം അവരവരുടെ പ്രൊഫൈലിൽ പ്രസ്തുത മാറ്റങ്ങൾ വരുത്തേണ്ടതാണ്. ഇതര സർവകലാശാലകളിൽ നിന്ന് ബിരുദം, ബിരുദാനന്തര ബിരുദം പൂർത്തിയാക്കിയ അപേക്ഷകർ, അഡ്മിഷൻ സമയത്ത് നിർബന്ധമായും എലിജിബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

തിരുത്തലുകൾ വരുത്തി കഴിഞ്ഞാൽ, പുതിയതായി നൽകിയ ഓപ്ഷനുകൾ/മാറ്റങ്ങൾ അപേക്ഷയിൽ വന്നിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതും (options for supplementary allotment) അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് എടുത്ത് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതുമാണ്.

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് **(Aided)** കോളേജുകളിലെ ബിഎഡ് കോഴ്സുകളിലേക്കുള്ള കമ്മ്യൂണിറ്റി ക്വാട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിൽ ലഭ്യമാക്കിയിട്ടുള്ള കമ്മ്യൂണിറ്റി ക്വാട്ട ലിങ്ക് വഴി 2025 ജൂലൈ 24 വരെ മുൻഗണന ക്രമത്തിൽ ഓപ്ഷനുകൾ നൽകാവുന്നതാണ്.

## പിഎച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷയ്ക്ക് അപേക്ഷ ക്ഷണിച്ചു

കേരളസർവകലാശാല Ph.D. കോഴ്സ് വർക്ക് പരീക്ഷയ്ക്കുള്ള (2025 ജൂലൈ സെഷൻ) അപേക്ഷകൾ ക്ഷണിച്ചു. പിഴ കൂടാതെ അപേക്ഷിക്കേണ്ട അവസാന തീയതി 2025 ജൂലൈ 31. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

## സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാലക്ക് കീഴിൽ കാര്യവട്ടം കാമ്പസ്സിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരളയിൽ (ഐ.എം.കെ), സി.എസ്.എസ് സ്ട്രീമിൽ എംബിഎ ജനറൽ (ഈവെനിംഗ് - റെഗുലർ) (2025-27 ബാച്ച്) പ്രവേശനത്തിന് OPEN CATEGORY – **7,** SEBC – Ezhava – **2,** SEBC – Muslim – **2,** SEBC – OBH – **1,** SEBC - SIUC/LC/OBX – **1,** BPL (EWS) – **3,** SC – **5,** ST – **1** എന്നീ ഒഴിവുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഇൻഡസ്ട്രി/സർവീസ് സെക്ടറിൽ കുറഞ്ഞത് രണ്ടു വർഷത്തെ പ്രവൃത്തി പരിചയം ഉള്ള ബിരുദധാരികൾക്കു പങ്കെടുക്കാവുന്നതാണ്. താല്പര്യം ഉള്ളവർ യോഗ്യത തെളിയിക്കുന്ന രേഖകളുമായി 2025 ജൂലൈ 19 (ശനിയാഴ്ച) 11.00 മണിക്ക് കേരള സർവകലാശാല കാര്യവട്ടം ക്യാംപസിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരളയിൽ എത്തിച്ചേരേണ്ടതാണ്. സ്പോട്ട് അഡ്മിഷൻ രജിസ്ട്രേഷൻ ഫീസ് ജനറൽ വിഭാഗത്തിന് 1000/- രൂപയും **SC/ST** വിഭാഗത്തിന് 500/- രൂപയുമാണ്.

## പരീക്ഷാഫലം

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം 2025 ജനുവരി/ഫെബ്രുവരി മാസങ്ങളിൽ നടത്തിയ ഒന്ന്, രണ്ട് സെമസ്റ്റർ ബിഎ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും 2025 ജൂലൈ 28 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

കേരളസർവകലാശാല 2024 സെപ്റ്റംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എംഎസ്‌സി കെമിസ്ട്രി, അനലിറ്റിക്കൽ കെമിസ്ട്രി, പോളിമർ കെമിസ്ട്രി, (മേഴ്സിചാൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ 2025 ജൂലൈ 25 വരെ **exams.keralauniversity.ac.in** മുഖേന ഓൺലൈനായി സമർപ്പിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2024 ഡിസംബറിൽ നടത്തിയ എട്ടാം സെമസ്റ്റർ ബിടെക് (സപ്ലിമെന്ററി – 2013 സ്കീം) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

കേരളസർവകലാശാല 2025 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബിഎംഎസ് ഹോട്ടൽ മാനേജ്മെന്റ്, ബിഎ മലയാളം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ എന്നീ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2025 ജൂലൈ 31 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

കേരളസർവകലാശാല 2025 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബിഎ (റെഗുലർ - 2023 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി - 2022 അഡ്മിഷൻ, സപ്ലിമെന്ററി – 2020 & 2021 അഡ്മിഷൻ, മേഴ്സിചാൻസ് – 2013 - 2019 അഡ്മിഷൻ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2025 ജൂലൈ 31. ഇതിനായി വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന കരട് മാർക്ക് ലിസ്റ്റ് ഉപയോഗിക്കാവുന്നതാണ്. സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിക്കുന്ന വിദ്യാർത്ഥികൾ സർവകലാശാല ഓഫീസിൽ ഹാജരാകേണ്ട തീയതി സംബന്ധിച്ച വിവരം പത്രക്കുറിപ്പ് അല്ലെങ്കിൽ സർവകലാശാല വെബ്സൈറ്റ് മുഖേന അറിയിക്കുന്നതാണ്.

കേരളസർവകലാശാല 2025 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എംഎസ്സി ബോട്ടണി വിത്ത് സ്പെഷ്യലൈസേഷൻ ഇൻ എത്തനോബോട്ടണി ആന്റ് എത്തനോഫാർമക്കോളജി (റെഗുലർ, ഇംപ്രൂവ്മെന്റ് & സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2025 ജൂലൈ 25 വരെ **www.slcm.keralauniversity.ac.in** മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷ രജിസ്ട്രേഷൻ

കേരളസർവകലാശാലയുടെ മൂന്നാം സെമസ്റ്റർ പഞ്ചവർഷ എംബിഎ (ഇന്റഗ്രേറ്റഡ്) (റെഗുലർ - 2023 അഡ്മിഷൻ - 2022 സ്കീം), (സപ്ലിമെന്ററി – 2017 – 2022 അഡ്മിഷൻ - 2022 & 2015 സ്കീം) പരീക്ഷകളുടെ രജിസ്ട്രേഷൻ ആരംഭിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

## പരീക്ഷാവിജ്ഞാപനം

കേരളസർവകലാശാലയുടെ അഞ്ചാം സെമസ്റ്റർ പഞ്ചവർഷ എംബിഎ (ഇന്റഗ്രേറ്റഡ്) (റെഗുലർ - 2022 അഡ്മിഷൻ - 2022 സ്കീം), (സപ്ലിമെന്ററി – 2017 – 2021 അഡ്മിഷൻ - 2015 സ്കീം) പരീക്ഷകളുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

കേരളസർവകലാശാലയുടെ ഒന്നാം സെമസ്റ്റർ പഞ്ചവർഷ എംബിഎ (ഇന്റഗ്രേറ്റഡ്) (റെഗുലർ - 2024 അഡ്മിഷൻ - 2022 സ്കീം), (സപ്ലിമെന്ററി – 2017 – 2023 അഡ്മിഷൻ - 2022 & 2015 സ്കീം) പരീക്ഷകളുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

## പുതുക്കിയ പരീക്ഷാകേന്ദ്രം

കേരളസർവകലാശാല നടത്തുന്ന കരിയർ റിലേറ്റഡ് ബികോം കൊമേഴ്സ് വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (138) പരീക്ഷകൾക്ക് യു.ഐ.ടി മുതുകുളം, യു.ഐ.ടി. മണ്ണടി എന്നിവ പരീക്ഷാകേന്ദ്രമായി തെരെഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾ യഥാക്രമം യു.ഐ.ടി കരുവാറ്റ, യു.ഐ.ടി കൊട്ടാരക്കര എന്നീ കേന്ദ്രങ്ങളിൽ പരീക്ഷ എഴുതേണ്ടതാണ്.

വിദ്യാർത്ഥികൾ പുതുക്കിയ പരീക്ഷാകേന്ദ്രങ്ങളിൽ നിന്നും ഹാൾടിക്കറ്റുകൾ കൈപ്പറ്റേണ്ടതാണ്.

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2025 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ യൂണിറ്ററി എൽഎൽബി പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും പ്രസ്തുത പരീക്ഷയുടെ ഹാൾടിക്കറ്റുമായി 2025 ജൂലൈ 21, 22, 23 തീയതികളിൽ റീവാല്യുവേഷൻ ഇ.ജെ. **X** സെക്ഷനിൽ എത്തിച്ചേരേണ്ടതാണ്.



പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**